**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3158 23/03/2015-ൽ മറുപടിയ്ക്ക്

**അടുക്കളത്തോട്ടം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.എ.എ.അസീസ്** | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) | കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനായി പച്ചക്കറി തൈകളടക്കമുള്ള ഗ്രോബാഗുകൾ സബ്സിഡി നൽകി വിതരണം നടത്തുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ വിതരണ ഏജൻസി ആരാണ്; പൊതുജനങ്ങൾ ആരെയാണ് സമീപിക്കേണ്ടത് ; | ബി) | 2014-15-ൽ ആകെ 34784 ഗ്രോബാഗ് യൂണിറ്റുകളാണ് കർഷകർക്ക് സബ്സിഡി നിരക്കിൽ നല്കുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ കൃഷി വകുപ്പിന്റെ ഫാമുകൾ മുഖേനയും, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേനയും, വയനാട്, കോഴിക്കോട് ജില്ലകളിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള മുഖേനയാണ് ഗ്രോബാഗുകൾ തയ്യാറാക്കി വിതരണം ചെയ്യുന്നത്. എറണാകുളം ജില്ലയിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള, കൃഷി വകുപ്പ് ഫാമുകൾ, അഗ്രോ |

സർവ്വീസ് സെന്ററുകൾ, KAICO എന്നിവ മുഖേന ഗ്രോബാഗുകൾ തയ്യാറാക്കി നല്കുന്നു. ഗ്രോബാഗ് യൂണിറ്റുകൾ സബ്സിഡി നിരക്കിൽ ലഭിക്കുന്നതിന് ജനങ്ങൾക്ക് സ്ഥലത്തെ കൃഷി ഭവനെ സമീപിച്ച് അപേക്ഷ നല്കാവുന്നതാണ്.

സി) ഒരു യൂണിറ്റിൽ എത്ര ഗ്രോബാഗുകളാണ് ഉണ്ടാകുക; എത്ര തുകയാണ് ഇതിനായി ഈടാക്കുന്നത്;വിശദാംശം നൽകുമോ?

സി) ഒരു യൂണിറ്റിൽ 25 ഗ്രോബാഗുകൾ ഉണ്ടായിരിക്കും. പോട്ടിംഗ് മിശ്രിതം നിറച്ച് വിവിധ ഇനം പച്ചക്കറി തൈകൾനട്ടു പരിപാലിച്ച് ആണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. 2000 രൂപ വില വരുന്ന ഒരു ഗ്രോബാഗ് യൂണിറ്റിന് 1500 രൂപ കൃഷി വകുപ്പ് സബ്സിഡിയായി നല്കും. 500 രൂപ കൃഷി ഭവനിൽ അടച്ച് അപേക്ഷ നല്കി കർഷകർക്ക് ഗ്രോബാഗുകൾ വാങ്ങാവുന്നതാണ്.

സെക്ഷൻ ഓഫീസർ